# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4256** | **19/10/2011** -ൽ മറുപടിക്ക്

## കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര കർഷക തൊഴിലാളികൾക്കാണ് പെൻഷൻ നൽകിവരുന്നത്; | (എ) സംസ്ഥാനത്ത് 543144 കർഷക തൊഴിലാളികൾക്കാണ് പെൻഷൻ നൽകി വരുന്നത്. |
| (ബി) ഓണത്തിന് മുമ്പ് കുടിശ്ശിക അടക്കം പെൻഷൻ വിതരണം നടത്തുന്നതിന് തീരുമാനിച്ചിരുന്നോ; | (ബി) തീരുമാനിച്ചിരുന്നു. |
| (സി) എത്ര ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പെൻഷൻ ഓണത്തിനു മുമ്പ് വിതരണം ചെയ്തിട്ടുണ്ട്; | (സി) 746 ഗ്രാമപഞ്ചായത്തുകൾ കർഷക തൊഴിലാളി പെൻഷൻ ഓണത്തിനു മുമ്പ് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) പെൻഷൻ യഥാസമയം വിതരണം നടത്താൻ നടപടി സ്വീകരിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) പെൻഷൻ ഓണത്തിനുമുമ്പ് വിതരണം നടത്താതിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും വിശദീകരണം സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/